# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

ഗവ. യു. പി. സ്കൂൾ
കൊന്നമണ്ണ

# ആമുഖം

1974-ൽ കൊന്നമങ്ങ എന്ന പ്രദേശത്ത് സ്ഥാപിക്കപ്പെട്ട്, 2 ഏക്കർ സ്ഥലത്ത് തുടരുന്ന ജി.യു.പി.എസ് കൊന്നമങ്ങ എന്ന വിദ്യാലയത്തിൽ 2025-2026 വർഷത്തിൽ കുട്ടികൾ പഠിക്കുന്നു. സ്കൂളിന് സ്വന്തമായി വാഹനമുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിന്റെ അവസാനത്തിലാണ് 4 മുറികളുള്ള പുതിയ കെട്ടിടം ബഹു. കായിക മന്ത്രി ഉദ്ഘാടനം ചെയ്തത്. അതിലൊരു ക്ലാസ്സ് മുറിയിലേക്ക് പൂർവ്വ വിദ്യാർത്ഥികൾ സമ്മാനിച്ച പ്രൊജക്ടർ, സ്മാർട്ട് ക്ലാസ്സ് റൂം ആക്കാൻ സാധിച്ചതിൽ വളരെ സന്തോഷം ലഭിക്കുന്ന ഒന്നാണ്. 2 കി.മീ ചുറ്റളവിൽ പ്രവർത്തിക്കുന്ന 5 ഗവ/എയ്ഡഡ് വിദ്യാലയങ്ങൾക്കു പുറമെ 10-ൽ പരം അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. അതുകൊണ്ട് തന്നെ കുട്ടികൾ നന്നേ കുറവാകുന്നത് സ്വാഭാവികമാണ്. ഗണിത ലാബ് ഒരു മുറിയിലും, സോഷ്യൽ സയൻസ് ലാബുകൾ മറ്റൊരു മുറിയിലും പ്രവർത്തിച്ചു വരുന്നു. പുതിയ കെട്ടിടം വന്നതോടെ പഴയ കെട്ടിടത്തിലെ ഒരു മുറി ലൈബ്രറിയായി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിൽ സ്കൂൾ സബ് ജില്ലാ തലത്തിൽ ഉയർന്ന നേട്ടം കൈവരിച്ചു. ഗണിത ശാസ്ത്രമേളയിൽ ഓവറോൾ ഫസ്റ്റ് നേടി. കലാമേളയിലും ഉന്നത നേട്ടങ്ങൾ കൈവരിച്ചിരുന്നു. അക്കാദമിക നിലവാരം ഉയർത്താൻ ആവിഷ്കരിച്ച പദ്ധതികൾ വളരെ മികച്ച ഫലം കണ്ടെത്തി, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കൈവരിക്കുന്നതിനായി പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തു. USS നായി പ്രത്യേകം പരിശീലനം നൽകുകയും, ആറു കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്തു. SEAS, NAS പരീക്ഷകൾ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സഹായിച്ചു. ഈ വർഷവും മികച്ച രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

## അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

2025-26 അധ്യയന വർഷത്തിലെ സാഹചര്യങ്ങളെ വിലയിരുത്തുന്നതിനായി വ്യത്യസ്ത മേഖലകളാക്കി തിരിച്ച് അവസ്ഥാപഠനം നടത്തി. പ്രത്യേകിച്ച് വായന, എഴുത്ത്, വ്യത്യസ്ത ഭാഷാ വിഷയങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികൾ, ശാസ്ത്ര വിഷയങ്ങളിൽ വിമർശനാത്മകമായി ചിന്തിക്കാനും, നിരീക്ഷണങ്ങൾ രേഖപ്പെടുത്താനും ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ, സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ നേരിടുന്ന പ്രയാസങ്ങൾ തുടങ്ങിയവയാണ് അവസ്ഥാപഠനത്തിന് വിധേയമാക്കിയത്. പ്രയാസങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി, അവരെ മാറ്റിയിരുത്തി പ്രത്യേക പിന്തുണ നൽകാൻ തീരുമാനിച്ചു

## പ്രശ്നങ്ങളുടെ കാരണങ്ങൾ

മുൻ വർഷങ്ങളിൽ, ഓരോ ക്ലാസ്സിലും കുട്ടി നേടിയിരിക്കേണ്ട ശേഷികൾ, നൈപുണികൾ, പഠന ലക്ഷ്യങ്ങൾ കുട്ടികൾക്ക് പൂർണ്ണമായി നേടാൻ കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാന കാരണം. പഠന വൈകല്യങ്ങൾ നേരിടുന്ന കുട്ടികൾക്ക് ഇവ സ്വായത്തമാക്കാൻ അധിക സമയം ആവശ്യമായി വരുന്നു. പ്രവർത്തനാധിഷ്ഠിതമായ വിദ്യാഭ്യാസം ലക്ഷ്യമാകുമ്പോൾ സമയപരിധി ഒരു പ്രശ്നമാണ്. എല്ലാ പഠന മേഖലകളും പ്രോസസ്സ് ഓറിയന്റായി അവതരിപ്പിക്കാനുള്ള സാഹചര്യവും സമയവും ഒരു വലിയ പോരായ്മയാണ്. ശിശു സൗഹൃദങ്ങളായ കൂടുതൽ പഠനാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയണം. ആശയങ്ങൾ വാചികമായി പറയാൻ സാധിക്കുന്ന കുട്ടികൾക്ക്, അത് എഴുതി ഫലിപ്പിക്കുന്നതിന് പ്രയാസം നേരിടുന്നു. തുടർ പ്രവർത്തനങ്ങളുടെ അഭാവം ഇതിന് കാരണമാണെന്ന് മനസ്സിലാക്കുന്നു.

## ലക്ഷ്യങ്ങൾ

- എല്ലാ ഭാഷകളിലും വായന, എഴുത്ത് എന്നിവ പ്രോത്സാഹിപ്പിക്കുക.
- എല്ലാ ഭാഷകളിലും കുട്ടികളുടെ നൈപുണ്യം വർദ്ധിപ്പിക്കുക.
- ഗണിത പഠനം ലളിതവും, രസകരവും, ആസ്വാദ്യകരവുമാക്കൽ, അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ
- ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കൽ, ശാസ്ത്ര അവബോധം വളർത്തൽ
- പഠന പ്രക്രിയയിലൂടെ ലഭിച്ച അറിവുകൾ, ശേഷികൾ എന്നിവ ജീവിത സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുക.
- സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ സാമൂഹിക അവബോധം കൈവരിക്കൽ
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കുക.
- ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യങ്ങൾ കൈവരിക്കാൻ അനുഭവങ്ങൾ നൽകുക.
- കൃഷിയെ അറിയുക, നല്ല മനോഭാവം വളർത്തുക.
- ജലം, വൈദ്യുതി തുടങ്ങിയവയുടെ മൂല്യങ്ങൾ അറിയുക.
- കുട്ടികളുടെ കലാശേഷി വളർത്തുക.
- കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- കായിക ശേഷിയുള്ള കുട്ടികളാക്കാൻ പ്രാപ്തരാക്കുക.

മേഖല : ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. എല്ലാ കുട്ടികളിലും അടിസ്ഥാന ശേഷി ഉറപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി ചതുഷ്ക്രിയ അറിയാത്തതും സംഖ്യാബോധമില്ലാത്തതുമായ കുട്ടികളെ കണ്ടെത്തുന്നു. പ്രത്യേക മൊഡ്യൂൾ കണ്ടെത്തി തയ്യാറാക്കി പരിശീലനം നൽകുന്നു. | ജൂൺ ജൂലൈ | ഗണിത അധ്യാപകർ | |
| 2. ഗണിത പഠനം രസകരവും ആസ്വാദ്യകരവുമാക്കൽ | ഓരോ കുട്ടിക്കും ഗണിത കിറ്റ്, ഗണിത ക്ലബ്ബ് രൂപീകരിക്കൽ, ഗണിത ലാബ്, ഗണിത ക്യാമ്പ് സംഘടിപ്പിക്കൽ ഗണിത രൂപങ്ങൾ നിർമ്മിക്കൽ, ജിയോജിബ്ര ഉപയോഗപ്പെടുത്തൽ | 1 വർഷം | അധ്യാപകർ, PTA | |
| 3. ഗണിത പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരം കണ്ടെത്തുന്നതിന് ഉള്ള കഴിവ് വർദ്ധിപ്പിക്കുക. | പഠനവുമായി ബന്ധപ്പെട്ട പസിലുകൾ ശേഖരിക്കുക. പസിൽ കാർഡ് നിർമ്മാണം, പദ പ്രശ്നങ്ങൾ കണ്ടെത്തുന്നു. ക്വിസുകൾ സെമിനാറുകൾ, പ്രോജക്ടുകൾ | ജൂൺ to ഡിസംബർ | അധ്യാപകർ | |
| 4. ICT അധിഷ്ഠിത ഗണിത ലാബ് ശാക്തീകരണം. | പ്രവർത്തനങ്ങൾ ജിയോജിബ്ര ഉപയോഗിച്ച് ചെയ്യുന്നു. ലാബ് സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ലാബിലെ ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | 1 വർഷം | അധ്യാപകർ | |

മേഖല · അക്കാദമികം ഉപമേഖല: സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ പതിപ്പിക്കുന്നതിന് പ്രവൃത്തികൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയം മുതൽ ജില്ലാതലം വരെയുള്ള അടിസ്ഥാന വിവരങ്ങൾ ICT ഉപയോഗിച്ച് മെന്റി ടെസ്റ്റ് നടത്തുന്നു. | ജൂൺ | അധ്യാപകർ | |
| 2. സാമൂഹിക അവബോധം കൈവരിക്കൽ, സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. അഗതി, അനാഥ മന്ദിരങ്ങൾ സന്ദർശിക്കുക. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് കഴിയുംവിധം സേവനം ചെയ്യാൻ അവസരം നൽകുന്നു. | 1 വർഷം | അധ്യാപകർ Staff · PTA | |
| 3. ICT അധിഷ്ഠിത പഠനം | ICT യുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾ നൽകൽ, Stellarium, K-Stars, Marble, K-Geography എന്നിവയുടെ ഉപയോഗം. | 1 വർഷം | അധ്യാപകർ | |
| 4. പഠിതാക്കളുടെ ചരിത്രാവബോധം ഉജ്ജ്വലമാക്കി മാറ്റിയെടുക്കുക, അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | ICT സാധ്യത ഉപയോഗിക്കുന്നു. ചോദ്യോത്തരവേളകൾ, ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | 1 വർഷം | അധ്യാപകർ | |
| 5. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | മനുഷ്യന്റെ ഇടപെടൽ മൂലം പരിസ്ഥിതിക്കുണ്ടാവുന്ന ദോഷങ്ങൾ ചർച്ച ചെയ്യുന്നു. | 1 വർഷം | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം, ക്രിമിനൽ പ്രവർത്തനങ്ങൾ, നെറ്റ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാകുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും, രക്ഷിതാക്കൾക്കും വേണ്ടി ഉദ്യോഗസ്ഥരുടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ | |
| 7. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ ബോധ്യവാന്മാരാകുന്നു. | പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും, ഉദ്യോഗസ്ഥരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | 1 വർഷം | അധ്യാപകർ | |
| 8. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുക. | നാമനിർദ്ദേശ പത്രിക, പ്രചാരണം, വോട്ടിംഗ് എന്നിവ ജനാധിപത്യ ക്രമമനുസരിച്ച് സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. | വർഷത്തിൽ | അധ്യാപകർ | |

മേഖല: അക്കാദമികം

ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ശേഷി വികസനം | പിന്നോക്കക്കാരെ കണ്ടെത്താൻ ടെസ്റ്റ് നടത്തുന്നു. അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ, ചാർട്ട്, അക്ഷര കാർഡ്, പദങ്ങൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ ജൂലൈ | SRG അധ്യാപകർ | |
| 2. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | വിജയസ്പർശം, ശ്രദ്ധ, മലയാളത്തിളക്കം, തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളുടെ തുടർച്ച | എല്ലാ ദിവസവും | അധ്യാപകർ | |
| 3. വായന പ്രോത്സാഹിപ്പിക്കൽ | വായനാമൂല, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി കാര്യക്ഷമമാക്കൽ, എല്ലാ ആഴ്ചയിലും പുസ്തക വിതരണം. | 1 വർഷം | അധ്യാപകർ | |
| 4. പുസ്തക ചർച്ച | ഓരോ ആഴ്ചയിലും നിശ്ചിത എണ്ണം പുസ്തകങ്ങൾ വായിച്ച്, ചർച്ചകൾ നടത്തുന്നു. | 1 വർഷം | അധ്യാപകർ | |
| 5. വായനാക്കുറിപ്പ് | വായിച്ച കൃതികളുടെ ആസ്വാദനാംശങ്ങൾ വിട്ടുപോകാതെ കുറിപ്പാക്കുന്നു. | ആഴ്ചകളിൽ | അധ്യാപകർ | |
| 6. എഴുത്തുകൂട്ടം, സർഗാത്മക ശേഷി വികാസം | വിവിധ ദിനാചരണങ്ങളോട് അനുബന്ധിച്ച് പതിപ്പുകൾ, ചുമർ പത്രികകൾ തുടങ്ങിയവ തയ്യാറാക്കുന്നു. | എല്ലാ മാസവും | അധ്യാപകർ SRG | |
| 7. വിദ്യാരംഗം | എല്ലാ കുട്ടികളും വിദ്യാരംഗം ക്ലബ്ബിൽ അംഗങ്ങളാവുന്നു. കൈയെഴുത്ത് മാസിക നിർമ്മിക്കുന്നു. | ജൂൺ to ഫെബ്രുവരി | SRG | |

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ദൈനം ദിന പ്രവർത്തനങ്ങളിൽ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള കഴിവ് നേടുക. ഇംഗ്ലീഷിൽ സംസാരിക്കാനുള്ള ശേഷി നേടുക. | ഇംഗ്ലീഷ് കോർണർ: ഇംഗ്ലീഷ് സംസാരിക്കാനായി സമയം വേർതിരിക്കുക. വിഷയം മുൻകൂട്ടി കൊടുത്തു കൊണ്ട് ഗ്രൂപ്പ് ചർച്ചയും സംഭാഷണവും നടത്തുന്നു. | എല്ലാ വ്യാഴാഴ്ചയും. | SRG | |
| 2. ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുക. | എല്ലാ ദിവസവും ഒരു ഇംഗ്ലീഷ് കഥ കേൾക്കുക. Summary എഴുതുക. ആഴ്ചയിലൊരിക്കൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ | |
| 3. കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവുമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | Drama fest: വ്യത്യസ്തമായ വിഷയങ്ങൾ ഉൾപ്പെടുത്തി നാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | മാസത്തിലൊരിക്കൽ | അധ്യാപകർ | |
| | ICT സാധ്യതകൾ ഉപയോഗപ്പെടുത്തി രസകരവും ആശയമുള്ളതുമായ കഥകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | അധ്യാപകർ | |
| | English camp വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് രണ്ടു ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | SRG SMC | |

മേഖല: അക്കാദമികം

ഉപമേഖല: അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിഞ്ഞ് ശാസ്ത്രാവബോധം വളർത്തുക അസ്വദിക്കുക. | ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക, പരിപാലിക്കുക. ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ, വംശനാശ ഭീഷണി നേരിടുന്ന സസ്യ- ജന്തു കണ്ടെത്തൽ, വിവിധ ആവാസ വ്യവസ്ഥകൾ സന്ദർശിക്കുക, രസകരമായ ലഘു പരീക്ഷണങ്ങൾ ചെയ്യുക, പരീക്ഷ കുറിപ്പ് - കിറ്റ് തയ്യാറാക്കുക. നക്ഷത്ര നിരീക്ഷണം, ശാസ്ത്രോത്സവം സംഘടിപ്പിക്കുക. കൃഷി വൈവിധ്യങ്ങൾ സ്കൂൾ പരിസരത്തിൽ വളർത്തുക. | 1 വർഷം | SMC അധ്യാപകർ | |
| 2. പരീക്ഷണം, നിരീക്ഷണം, അപഗ്രഥനം തുടങ്ങിയവയിൽ നിശ്ചിത നിലവാരത്തിലെത്തിക്കുക | നിലവിലുള്ള ലാബ് സാമഗ്രികൾ പ്രയോജനപ്പെടുത്തുക. ശാസ്ത്ര ലാബ് ശാക്തീകരിക്കൽ, ഓരോ ക്ലാസ്സിലും ശാസ്ത്ര ലാബ് നിർമ്മിക്കൽ, ഓരോ കുട്ടിക്കും പരീക്ഷണ കിറ്റുകൾ നിർമ്മിക്കൽ. | 1 വർഷം | അധ്യാപകർ | |
| 3. ശാസ്ത്ര ആശയങ്ങളെ ICT യുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, കണ്ടെത്തലുകൾ, ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ, തുടങ്ങിയവയുടെ വീഡിയോ പ്രദർശനം | 1 വർഷം | അധ്യാപകർ | |
| 4. ശാസ്ത്ര ലൈബ്രറി സർഗാത്മകത. | ശാസ്ത്ര ലൈബ്രറി നിർമ്മിക്കുക. വിവിധ പ്രോജക്ടുകൾ, സെമിനാറുകൾ | 1 വർഷം | അധ്യാപകർ പഞ്ചായത്ത്. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ചിത്രരചനയോട് താൽപര്യം വളർത്തുക. | ഓരോ ക്ലാസ്സിലും Art Corner ഉണ്ടാക്കുക. കുട്ടികൾ ആഴ്ചയിലൊരിക്കൽ ചിത്രം വരച്ച് അവിടെ പ്രദർശിപ്പിക്കുക. Art ഗാലറി നിർമ്മിക്കുക. | 1 വർഷം | ചിത്രകലാ അധ്യാപകൻ | |
| 2. കുട്ടികൾക്ക് എല്ലാതരത്തിലുമുള്ള മാധ്യമങ്ങൾ ഉപയോഗിച്ചുള്ള രചനകൾ പരിചയപ്പെടൽ | • ക്ലാസ്സ് പ്രവർത്തനം • ജലച്ഛായ പരിശീലനം • പെൻസിൽ ഡ്രോയിംഗ് • ക്രയോൺസ് പരിശീലനം. • ഫാബ്രിക് കളർ പരിശീലനം. | 1 വർഷം | ചിത്രകലാ അധ്യാപകൻ | |
| 3. പോസ്റ്റർ രചനയിലും എഴുത്തിലും പ്രാവീണ്യം നേടൽ | പോസ്റ്റർ രചന പരിശീലനം. എല്ലാ ദിനാചരണങ്ങളിലും പോസ്റ്ററുകൾ കുട്ടികൾ തന്നെ തയ്യാറാക്കാൻ അവസരം നൽകുക. | 1 വർഷം | ചിത്രകലാ അധ്യാപകൻ | |
| 4. കുട്ടികളിലെ ചിത്രരചനാ ശേഷി വർദ്ധിപ്പിക്കൽ | ഏകദിന ക്യാമ്പ് | ആഗസ്റ്റ് | SRG | |
| 5. ഫോട്ടോഗ്രഫി പരിശീലനം | ആഗസ്റ്റ് മാസത്തിൽ ക്യാമ്പ് നടത്തുന്നു. | ആഗസ്റ്റ് | SRG | |
| 6. ICT ഉപയോഗപ്പെടുത്തൽ | ICT സാധ്യത ഉപയോഗിച്ച് ചിത്രരചന പരിശീലനം. Software ഉപയോഗിച്ചുള്ള ചിത്രരചന പരിശീലനം | 1 വർഷം | ചിത്രകല അധ്യാപകൻ | |

മേഖല: അക്കാദമികം | ഉപമേഖല: ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി ഉറപ്പിക്കൽ | നല്ല വായന: ഇതിനായി ലളിതമായ കഥ പുസ്തകങ്ങൾ, ചിത്രകഥാ ബുക്ക്, ചെറിയ ലേഖനങ്ങളുടെ ബുക്ക്, എന്നിവ അധ്യാപകന്റെ മേൽനോട്ടത്തിൽ വായിച്ച് കേൾപ്പിക്കുക. ലൈബ്രറിയിൽ ഇത്തരം കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുക. | ജൂൺ, ജൂലൈ | ഹിന്ദി അധ്യാപിക. | |
| 2. ആശയ വിനിമയത്തിനുള്ള കഴിവ് നേടുക | വിവിധ തരത്തിലുള്ള സംഭാഷണ ശൈലി വായിച്ച് കേൾപ്പിക്കുന്നു. പ്രയോഗത്തിൽ വരുത്തുന്നു. ചെറിയ വാക്യങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. കൊച്ചു കവിതകൾ ഈണത്തിൽ ചൊല്ലുന്നു. | 1 വർഷം | ഹിന്ദി അധ്യാപിക. | |
| 3. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | കഥാവായന, കവിതാ വായന, കഥാരചന, പോസ്റ്റർ, പതിപ്പ് നിർമ്മാണം, ക്ലാസ്സ് മാസികാ നിർമ്മാണം, ചുമർ പത്രിക, ആശംസാകാർഡ് നിർമ്മാണം, ഡയറിക്കുറിപ്പ്, വാർത്താക്കുറിപ്പ് ഇതലായ പ്രവർത്തനങ്ങൾ നൽകുക. ICT യുടെ സഹായത്തോടെ കൂടുതൽ പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക. | എല്ലാ മാസവും | ഹിന്ദി അധ്യാപിക. | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അറബിക് ഭാഷയിൽ കഥ, കവിത എന്നിവ കേട്ടാൽ ആസ്വദിക്കാനുള്ള കഴിവ് നേടുക. | ആഴ്ചയിലൊരിക്കൽ പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾക്കും കൂടി ശ്രവിക്കാനുള്ള അവസരമുണ്ടാക്കുക. | 1 വർഷം | അറബിക് അധ്യാപകർ |
| | ICT ഉപയോഗിച്ച് കഥ, പാട്ട് എന്നിവ കേൾപ്പിക്കുന്നു. | 1 വർഷം | അറബിക് അധ്യാപകർ |
| 2. അറബിക് ഭാഷയിൽ നൈപുണ്യം നേടൽ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം. | 1 വർഷം | അറബിക് അധ്യാപകർ |
| | വ്യത്യസ്ത മത്സരങ്ങൾ നടത്തുക. പദനിർമ്മാണം, കഥ, കവിതാപൂരണം, word hunting, Colouring, Memory test, ഗദ്യവായന, ഖുറാൻ പാരായണം, പദപ്പയറ്റ് | ഓരോ മാസവും | അറബിക് അധ്യാപകർ |
| | മാസത്തിലൊരിക്കൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക. | 1 വർഷം | അറബിക് അധ്യാപകർ. |